**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1084** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വനഭൂമി പട്ടയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ ജില്ലയിൽ വനഭൂമി പട്ടയം മാത്രം എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തൃശ്ശൂർ ജില്ലയിൽ വനഭൂമി പട്ടയത്തിനായി ആകെ 20,823 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 7,345 അപേക്ഷകളിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതും, അതിൽ 6,865 അപേക്ഷകർക്ക് നിലവിൽ പട്ടയം വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ, ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായ 4123 അപേക്ഷകൾ കേന്ദ്രാനുമതിക്കായി 'പരിവേഷ്' പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 9,355 അപേക്ഷകളിൽ ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ നിലവിൽ പുരോഗമിച്ചു വരികയാണ്. ഇതിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതിനു ശേഷം പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്ത 4123 അപേക്ഷകൾ 1990 കാലയളവിൽ ലഭ്യമായവയും ജോയിന്റ് വെരിഫിക്കേഷൻ നടന്നു വരുന്ന 9,355 അപേക്ഷകൾ 2024 മാർച്ച് കാലയളവിൽ ലഭ്യമായവയും ബാക്കി അപേക്ഷകൾ 1990 നു മുൻപ് ലഭ്യമായിട്ടുള്ളവയും ആണ്.

**(ബി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വനഭൂമി പട്ടയം നൽകി എന്ന് വിശദമാക്കാമോ, താലൂക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2248 വനഭൂമി പട്ടയം നല്കിയിട്ടുണ്ട്.

| | |
|---|---|
| തൃശ്ശൂർ | 1874 |
| തലപ്പിള്ളി | 307 |
| ചാലക്കുടി | 67 |

**(സി)** നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ കേന്ദ്രാനുമതി ലഭ്യമായതിൽ 345 അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളത്.

**സെക്ഷൻ ഓഫീസർ**